**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3332** **08-10-2025 - ൽ മറുപടിയ്ക്ക്**

**പെരുമ്പിള്ളിശ്ശേരി , പൂച്ചിന്നിപ്പാടം എന്നീ സെന്ററുകളിലെ ബസ് ഷെൽട്ടർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ പാതയിലെ പെരുമ്പിള്ളിശ്ശേരി, പൂച്ചിന്നിപ്പാടം സെന്ററുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഡി. പി. ആർ. തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ- ഷൊർണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള അംഗീകരിച്ച DPR ൽ പൂച്ചന്നിപ്പാടം, പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്, |
| (ബി) | എം. എൽ. എ. ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകളുടെ ഡി. പി. ആർ. -ൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ റൈറ്റ് ഓഫ് വേ ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ; | (ബി) | **എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകളുടെ DPR തയ്യാറാക്കിയിട്ടില്ല.** |
| (സി) | പ്രസ്തുത ഡി. പി. ആർ. -ന് കെ. എസ്. ടി. പി. സമ്മതപത്രം നൽകാതിരുന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ- ഷൊർണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള അംഗീകരിച്ച DPR ൽ പൂച്ചന്നിപ്പാടം പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നതിനാൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിച്ച ബസ് ഷെൽട്ടറിന് അനുമതി പത്രം നൽകിയിരുന്നില്ല. ബഹു. എം.എൽ.എ-യിൽ നിന്നും പരാതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ സ്ഥല പരിമിതി ഉണ്ടെങ്കിലും ആവശ്യത്തിന് Right of Way ലഭ്യമാകുന്ന രീതിയിൽ ഗതാഗത തടസ്സം കൂടാതെ ബസ് ഷെൽട്ടറുകളുടെ നിർമ്മാണം പ്രസ്തുത പ്രവൃത്തിയുടെ DPR-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | രണ്ട് വർഷത്തിനു ശേഷവും പ്രസ്തുത ബസ് ഷെൽട്ടറുകളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | ബസ് ഷെൽട്ടർ നിർമ്മാണം പുരോഗമിക്കുന്നു, ഫെബ്രുവരി 2026-ഓടെ പ്രവൃത്തികൾ പൂർത്തീകരിക്കും. |
| (ഇ) | എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ കെ. എസ്. ടി. പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ്) യിൽ | (ഇ) | പൂച്ചന്നിപ്പാടം, പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിലെ ബസ് ഷെൽട്ടർ നിർമ്മാണം DPRൽ ഉൾപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. ആയതിനാൽ എം.എൽ.എ- |

| | | | |
|---|---|---|---|
| | നിന്നും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ? | | യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള തുക നിലവിൽ അനുവദിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ